Mr. T. S. Narayana Ayyar.—Sir, what was implied in my statement was that this could not be considered independently of its relation to a complete readjustment of the other rates in the Court Fee Regulation. I ask Hon'ble Members to consider it in this light. If the motion before us is for a wholesale revision of the Court Fees Regulation, then that is a different matter.

Mr. A. Eachara Menon.—Sir, I beg leave of the House to withdraw my resolution.

Resolution was, by leave, withdrawn.

4. Repeal of Regulation I of 1110.

Mr. P. Kumaran Ezhuthassan.— *"This Council recommends to the Government that they may be pleased to repeal Regulation I of 1110."*

സർ, ഈ പ്രമേയത്തെ ഈ സഭ മുമ്പാകെ കൊണ്ടുവരുന്നത് പലതരത്തിലുള്ള മനോവികാരങ്ങളോടുകൂടിയാണെന്ന് എനിക്ക ആദ്യമായിട്ട പറയേണ്ടതായിട്ടുണ്ട്. ഈ പ്രമേയം പ്രമേയമെന്ന സാധാരണയായി അറിയപ്പെടുന്ന രൂപത്തിലല്ലെങ്കിലും അതിന്റെ എല്ലാ സ്വഭാവങ്ങളോടുംകൂടി ബഡ്ജറ്റ് സമ്മേളനത്തിൽ ധനാഭ്യർത്ഥനകൾചെയ്ത അവസരത്തിൽ അതിൽനിന്ന ഒരു സംഖ്യ വെട്ടിക്കുറക്കണമെന്നുള്ള ഒരു ഉപക്ഷേപമായി കൊണ്ടുവരപ്പെടുക ഉണ്ടായി. ഈ വിഷയത്തെ പറ്റിയുള്ള എല്ലാ വിവരങ്ങളും നല്ലപോലെ മനസ്സിലാക്കിയിട്ടുള്ള എന്റെ മാന്യസ്നേഹിതൻ ബഹുമാനപ്പെട്ട എറണാകുളം മുൻസിപ്പാലിറ്റി മെമ്പർ ആണ് ആ വിഷയം ഇവിടെ കൊണ്ടുവന്നത്. അദ്ദേഹം ഈ വിഷയത്തിൽ വേണ്ടിടത്തോളം ശക്തിയോടുകൂടി ഇതിനെപ്പറ്റി ഇവിടെ പ്രതിവാദിച്ചു. ഗവൺമെണ്ടുഭാഗത്തുനിന്നും ഇതിന്നും ഇതിന്നപ്പുറവുമുള്ള സംഗതികൾക്കും ഒരുവിധം നിലയ്ക്കുള്ളികൾ പറഞ്ഞുനിൽക്കുവാൻ സാമർത്ഥ്യമുള്ളവരായ ഒന്നിലധികം മെമ്പർമാർ ഉപക്ഷേപത്തിനെതിരായി മറുപടി പറയുകയുമുണ്ടായി. ദിവാൻ പ്രസിഡണ്ട് അവർകൾ ആകട്ടെ ഈ വിഷയത്തെപ്പറ്റിയുള്ള സംഗതികൾ തനിക്ക നല്ലവണ്ണം മനസ്സിലായിട്ടില്ലെന്നും കുറെക്കൂടി വിവരമായി പറഞ്ഞുകേട്ടാൽ നിവൃത്തിയുള്ളേടത്തോളം അനുകൂലമായ വിധത്തിൽ ദിവാൻജിയുടെ നിലയിൽ വേണ്ടതു ചെയ്യാമെന്നും അദ്ധ്യക്ഷപദത്തിലിരുന്നുകൊണ്ട പറയുകയുമുണ്ടായി. പിറെറദിവസം ഈ വിഷയം ഇവിടെ തുടർന്ന വാദത്തിന്ന എടുത്ത സമയത്തു ബഹുമാനപ്പെട്ട സാമാജികന്മാർക്ക ഇതിനെപ്പറ്റി വേണ്ടിടത്തോളം വിവരങ്ങൾ മനസ്സിലാകാത്തതുകൊണ്ടോ ചിലർ മനസ്സിലായിട്ടും മനസ്സിലായില്ലെന്ന വെച്ചതുകൊണ്ടോ എന്തൊ ഈ വിഷയം വോട്ടിനിട്ടാൽ ഉപക്ഷേപം പാസ്സാകി

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്നു തോന്നുമാറു് അവരുടെ മുഖഭാവം വെളിപ്പെടുത്തി. അങ്ങിനെ വോട്ടിനിട്ട ഉപക്ഷേപം തള്ളിപ്പോയതു് പ്രസ്തുത വിഷയം ഈ യോഗം മുമ്പാകെ ഒരു കൊല്ലം കഴിഞ്ഞല്ലാതെ രണ്ടാമതു കൊണ്ടുവരുവാൻ നിവൃത്തിയില്ലെന്നു ഓർത്തും കായ്യസാമ്പ്രദായം ബഹുമാനപ്പെട്ട മെമ്പർമാരെ കുറെക്കൂടി മനസ്സിലാക്കാൻ സ്വീകരിച്ചുകഴിഞ്ഞാൽ വോട്ടു പൊതുജനങ്ങൾക്കു അനുകൂലമായില്ലാതെ ഉണ്ടാവുന്നതല്ലെന്നു എനിക്കു ധൈര്യമുണ്ടായിരുന്നതുകൊണ്ടും ഉപക്ഷേപം പിൻവലിക്കാൻ ഞാൻ എന്റെ മാന്യസ്നേഹിതനെ പ്രേരിപ്പിക്കയും അദ്ദേഹത്തിനു മനസ്സില്ലെങ്കിലും കായ്യഗൌരവം ഓർത്തു അദ്ദേഹം ഉപക്ഷേപം പിൻവലിക്കയും ചെയ്തു. അതിനുശേഷം ഫ്രഫ്രം മിഡാന്തിൽ അടക്കക്കച്ചവടത്തിന്റെ ഒരു കേന്ദ്രമായ കൊച്ചേരിയിൽവച്ചു കൂടിയ ഒരു പൊതുയോഗത്തിൽ രൂപവൽകരിച്ച അടക്ക പ്രക്ഷോഭണക്കമ്മറ്റിയുടെ തീരുമാനമനുസരിച്ചു് ദിവാൻജി അവർകളോടുൻക്രുട്ടി എഴുതി ചോദിച്ചുവാങ്ങി പുതുവത്സരം തുടങ്ങിതൊട്ടുക്രുടി—ചിങ്ങമാസം ഒന്നാം തിയ്യതി—എന്റെ നിയോജകമണ്ഡലത്തിലുള്ള അടയ്ക്കാ കൃഷിക്കാരായ ഒട്ടധികം ആളുകളേയും ക്രുട്ടിക്കൊണ്ടു ഞാൻ ദിവാൻജി അവർകളുടെ മുമ്പാകെ ഒരു ഡെപ്യൂട്ടേഷൻ പോകുകയും മൂവ്വായിരത്തോളം ആളുകൾ ഒപ്പിട്ട ഒരു മെമ്മോറിയൽ സമർപ്പിക്കുകയുമുണ്ടായി. കക്കടകമാസത്തെ യോഗത്തിനിടക്കു് ഈ വിഷയത്തെപ്പറ്റി ഞാൻ ദിവാൻജിയുമായി അഭിമുഖസംഭാഷണംചെയ്തു അവസരത്തിൽ ഓട്ടപാറചന്ത പോയി നോക്കിക്കണ്ടതിനുശേഷം ഉടനടി വേണ്ടതു ചെയ്യാമെന്നു എന്നോടു ഏറ്റിരുന്നതു അനുസരിച്ചു ഡെപ്യൂട്ടേഷനു നാലു ദിവസംമുമ്പു് ദിവാൻജി അവർകൾ ചന്ത സന്ദർശിക്കുകയുണ്ടായി. ആ സന്ദർശനമാകട്ടെ ആരും അറിയാതെയാണു നടത്തപ്പെട്ടതു് എന്നദ്ദേഹം പറയുന്നു. കാർ ഓടിച്ചു ഡ്രൈവർ, തന്നെ ചന്തയിലേക്കു അനുഗമിച്ച ദിവാൻപേഷ്കാർ അവർകളെന്നെയും, കാറിനകത്തു കേറിയിരിക്കുന്നവർ എവിടെക്കാണു യാത്രപ്പെടുന്നതു് എന്നറിഞ്ഞിട്ടില്ലെന്നാണു ദിവാൻജി പറഞ്ഞതു്. നേത്രമാത്രം ഗോപ്യമായി അടയ്ക്കചന്ത പോയി പരിശോധിച്ചതിന്റെഫലമായി അടയ്ക്കാ വാങ്ങുവാൻ ചന്തയിൽവരുന്ന കിഴക്കൻജില്ലകളിലെ വ്യാപാരികൾ യോജിച്ചു അടക്കക്കു വില ഇടിക്കുവാൻ ശ്രമിക്കുന്നുണ്ടെന്നുള്ളതല്ലാതെ വേറെ തരത്തിൽ അടക്കാകൃഷിക്കാർക്കു പറയത്തക്ക ദോഷങ്ങൾ ഒന്നും ഇല്ലെന്നു തനിക്കു മനസ്സിലാകാൻ ഇടയായെന്നദ്ദേഹം എന്നോടു പറഞ്ഞു.

ഞാനാകട്ടെ മെമ്മോറിയലിൽ ക്രോഡീകരിച്ചിരുന്ന ഓരോ സങ്കടങ്ങളേയും വിശദമായി ദിവാൻജി അവർകളെ പറഞ്ഞു ധരിപ്പിച്ചു. മുൻക്രുട്ടി ചില അഭിപ്രായങ്ങൾ പ്രസ്തുത വിഷയത്തിൽ ഉണ്ടായിത്തീർന്നിട്ടുണ്ടായിരുന്നതിനാൽ കായ്യം പറഞ്ഞു മനസ്സിലാക്കാൻ തന്നെ എ

LIBRARY ARCHIVES Kerala Legislative Assembly

നിക്കത്തു എളുപ്പമായിരുന്നില്ല. എങ്കിലും ഒന്നുകൂടി ഇതിനെപ്പറ്റി ആലോചിക്കുന്നതാണെന്നു പറയുകയും ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി എന്റെറുക്കടെ ഉണ്ടായിരുന്ന ആളുകൾക്കു ഞങ്ങൾ തമ്മിലുണ്ടായ സംഭാഷണസാരം തർജിമ ചെയ്തുകൊടുത്തശേഷം ഡപ്യൂട്ടേഷൻ പിരിഞ്ഞുപോകുകയും ചെയ്തു. ഡപ്യൂട്ടേഷനുമുമ്പും അതിനുശേഷവും ഇരുപതിൽ അധികം സ്ഥലങ്ങളിൽ അടയ്ക്കാ കൃഷിക്കാരുടെ പൊതുയോഗങ്ങൾ കൂടുകയും പ്രമേയങ്ങൾ പാസ്സാക്കുകയും ആ പ്രമേയങ്ങൾ മുഖേന അടക്ക കൃഷിക്കാർ അനുഭവിച്ചുവരുന്ന സങ്കടങ്ങൾക്കുള്ള നിവാരണമാർഗ്ഗങ്ങൾ ഗവർമ്മെൻറിനു അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പൊതുവെ വ്യാപാരത്തിനു ഇടിച്ചൽ തട്ടിക്കുന്ന ഫ്രഫ്രാലെ ഫ-ാം റഗുലേഷൻ റദ്ദ് ചെയ്യണമെന്നും കമ്മിഷൻ കച്ചവടമായ അടക്ക വ്യാപാരത്തിനു ലൈസൻസ്സു വേണ്മെന്നു നിർബ്ബന്ധിക്കുന്നതു തെറ്റാണെന്നും അങ്ങിനെ ലൈസൻസ്സു വേണമെന്നു ശഠിക്കുന്നതായാൽ അയതു് ആവശ്യപ്പെടുന്നവക്കെല്ലാം നൽകേണ്ടതാണെന്നുമാണു് പ്രമേയങ്ങളുടെ ചുരുക്കം. ഈ വക പ്രമേയങ്ങൾ അധികാരസ്ഥാനങ്ങളിൽ എത്തിതുടങ്ങീട്ടു കാലം കുറെയായെങ്കിലും ഗവർമ്മെൻറു മുൻസ്ഥിതിയിൽനിന്നും ഒരണുവിന്നുപോലും ഇളകിയിട്ടില്ല. അടുത്ത കാലത്തൊന്നും ഗവർമ്മെൻറു നിലക്ക മാറ്റമുണ്ടാവില്ലെന്നു സംശയിക്കത്തക്ക നിലയിലുള്ള പരിതസ്ഥിതികൾ കാണപ്പെടുകയും ചെയ്യുന്നുണ്ടെന്നു വ്യസനസമേതം പറയേണ്ടതായുമിരിക്കുന്നു. അതുനിമിത്തമാണു് മുൻ പറഞ്ഞ തരത്തിലുള്ള മൂന്നു പ്രമേയങ്ങളും ഞാൻ ഈ സഭയുടെ ആലോചനക്കായി അയച്ചിട്ടുള്ളതു്. അതിൽ ഒന്നാമത്തേതാണു് പ്രസ്തുത പ്രമേയം. പ്രമേയം വായിച്ചു നോക്കുകയാണെങ്കിൽ ഇതിനെപ്പറ്റി ആലോചിപ്പിച്ചിട്ടില്ലാത്തവക്കു മനസ്സിലാക്കുവാൻ പ്രയാസമാണു്. അതിനാൽ പ്രമേയവിഷയം ഞാൻ വിവരിക്കാം:— ഫ്രഫ്രാലെ ഫ-ാം റഗുലേഷൻ റദ്ദുചെയ്യണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ഒന്നാം റഗുലേഷനെക്കുറിച്ചു് എല്ലാ മെമ്പറന്മാക്കും ശരിയായ വിവരമുണ്ടോ എന്നു സംശയമാണു്. മുൻസിപ്പൽ റഗുലേഷനിൽ ചില ഭേദഗതികൾ വരുത്തുകയാണു് ഫ്രഫ്രാലെ ഫ-ാം റഗുലേഷനിൽ ചെയ്യുന്നതു്. മുൻസിപ്പൽ റഗുലേഷൻ ഒന്നു രണ്ടു വകുപ്പുകൾ കൂട്ടിച്ചേർക്കുകയും പരിഷ്കരിക്കുകയുമാണു് പ്രസ്തുത റഗുലേഷൻകൊണ്ടു ഗവർമ്മെണ്ടു് ചെയ്തിട്ടുള്ളതു്. അങ്ങിനെ അടിയന്തിരമായി ഭേദഗതി വരുത്തിയതിൽ എന്തൊരു രഹസ്യമുണ്ടെന്നു ഊഹിക്കേണ്ടിയുമിരിക്കുന്നു.

ഫ്രഫ്രാ ചിങ്ങം ഫസ്-ാം തീ-യാണു് ഈ റഗുലേഷൻ പാസ്സായതു്. ഇതിനു നാല ദിവസം മുമ്പ് അപ്പീലില്ലാത്ത വിധി എഴുതുന്ന ബഹുമാനപ്പെട്ട ചീഫ് കോടതി ഒരു വിധി വിധിക്കുകയുണ്ടായി. അതു് വേറെ ഒന്നുമല്ലാ രാജ്യത്തു നടന്നുവരുന്ന അടയ്ക്കകച്ചവടം ഒരു ചന്തയാണെന്നു വിചാരിപ്പാൻ പാടില്ലെന്നും അതു് ഒരു വെറും കമ്മീ

LIBRARY ARCHIVES Kerala Legislative Assembly

ഷൻ കച്ചവടം മാത്രമാണെന്നുമാണ് ആ വിധി. അതുകൊണ്ടു ഒരു ചന്തയെന്നുള്ള നിലയിൽ അതിനു ലൈസൻസ്സു എടുക്കണമെന്നു ഗവ മ്മെന്റു നിർബ്ബന്ധിച്ചതു് തീരെ തെറ്റാണെന്നും ലൈസൻസ്സില്ലാതെ ആക്ഷം കച്ചവടം ചെയ്യാമെന്നുമായിരുന്നു അപ്പീലിയുടെ സാരം. ആ വിധി ഉണ്ടായ ഉടനെ അതിന്റെ ദുഷ്ടന്മാരും സാധുജനങ്ങളും കണ്ടറിഞ്ഞു പ്പാൻ പാടില്ലാത്തവിധം ഉണ്ടായ ഒരു റഗുലേഷനാണ് ഒന്നാം റഗു ലേഷൻ. ഈ നിയമസഭ ഉണ്ടായതിനുശേഷമാണ് ഇവിടെ കൊണ്ടുവരാതെ ഉണ്ടായിട്ടുള്ള നിയമങ്ങൾ ഒന്നുമില്ലെന്നതും പറയാം. അടിയന്തിര മായി വല്ല നിയമവും പാസ്സാക്കേണ്ടതുണ്ടെങ്കിൽ ഉടനെതന്നെ തുക്കെ വിളയാട്ടംമൂലം റഗുലേഷൻ ആക്കുകയും രണ്ടുമാസകാലത്തിനുള്ളിൽ അതു ക്രമപ്രകാരം നിയമസഭയിൽ കൊണ്ടുവന്നു നിയമമാക്കുകയും ആണ് ചെയ്യുന്നതു്. എന്നാൽ ഈ റഗുലേഷനാകട്ടെ തുക്കെ വിളയാട്ട ത്തോടുകൂടി അടിയന്തിരമായി പാസ്സാക്കപ്പെട്ടുവെങ്കിലും അപ്രകാരമു ണ്ടാകുന്ന മറ്റു നിയമങ്ങൾ ഈ യോഗം മുമ്പാകെ കൊണ്ടുവരുന്ന സ മ്പ്രദായമനുസരിച്ചു ഇവിടെ ഇതുവരെയായും കൊണ്ടുവരപ്പെട്ടില്ലാ. ഇ തു ധൃതിയായി അസാധാരണ നിലയിൽ തുക്കെ വിളയാട്ടമായി റഗു ലേഷൻ വന്നതിന്റെ ഒന്നാകാൽ കൊല്ലം തികച്ചും കഴിഞ്ഞി ട്ടും ആയതു് ഈ സഭ മുമ്പാകെ കൊണ്ടുവരാതെ ഇരിക്കുന്നതിന്റെയും രഹസ്യമെന്തെന്നു ആവശ്യമുള്ളവർ ആരാഞ്ഞു അറിഞ്ഞാൽ മതി. ഈ ഒന്നാം റഗുലേഷനെ ഒന്നു പരിശോധിച്ചു നോക്കുക. ഈ ഒന്നാം റ ഗുലേഷനിലെ ആദ്യത്തെ വകുപ്പു് "ചന്ത" എന്നതിന്റെ വിവരണമാ ണു്. പിന്നത്തെ വകുപ്പിൽ പറഞ്ഞിട്ടുള്ളു് പഴയചന്ത എന്നാലെ ന്താണെന്നുള്ളതിനെപ്പറ്റിയാണ്. ഇരുപത്തേകാല്ലുമായിട്ടു ഏതെങ്കി ലും ഒരു സ്ഥലത്തു് ഒന്നോ അധികമോ സാധനങ്ങൾ കച്ചവടം ചെയ്യ പ്പെട്ടുന്നുണ്ടെങ്കിൽ ആ സ്ഥലം ഒരു പഴയചന്തയായി എന്നാണു് ര-ാം വകുപ്പുകൊണ്ടു പറയുന്നതു്. അങ്ങിനെയുള്ള ഒരു പഴയ ചന്ത ഒരു സ്ഥലത്തുള്ളപ്പോൾ ആ സ്ഥലത്തിനു പാലുഭാഗവും ഏഴു മൈലി നുള്ളിൽ പഴയ ചന്തയിൽ വ്യാപരിക്കുന്ന സാധനങ്ങളൊന്നുംതന്നെ അതേദിവസം ചന്തയായി വ്യാപരിപ്പാൻ വകമ്മെൻറു അനുവാദം മു ൻകൂട്ടി വാങ്ങാതെ മുൻസിപ്പാൽ അധികൃതർ ലൈസൻസ്സു കൊടു ത്തുപോകരുതെന്നാണു് മൂന്നാമത്തെയും ഒടുവിലത്തെയും വകുപ്പു്.

ഞാൻ നിയമപണ്ഡിതനല്ലെന്നു ആദ്യമേതന്നെ പറയട്ടെ. റഗു ലേഷൻകൊണ്ടു "ചന്ത" പദത്തിനു കൊടുക്കപ്പെട്ടിട്ടുള്ള വ്യാഖ്യാനം വളരെ ആഭാസകരമായി എന്നു പറയുന്നതിൽ നിയമ പണ്ഡിതന്മാർ എല്ലാം എന്നോടു യോജിക്കുമെന്നു തീർച്ചയാണ്. ഈ വ്യാഖ്യാനപ്ര കാരം ഈ ഹാളിൽനിന്നും പുറത്തുപോകുന്നവസരത്തിൽ എന്റെ മനസ്സിനു തൃപ്തിയായ ഒരു സാധനം ഒരാൾക്കൊണ്ടുപോകുന്നതുകണ്ടു് ഞാൻ അതു വാങ്ങിയാൽ അതൊരു ചന്തയായി.

LIBRARY ARCHIVES Kerala Legislative Assembly

ഇനി പഴയ ചന്തയെപ്പററി പറയുകയാണെങ്കിൽ ഫ കൊ ല്ലം പ്രായമായ ഒരാളെ വയസ്സൻ എന്നു പറയുന്നതിൽ അ ന്യായമൊന്നുമില്ലെങ്കിൽ ഈ വ്യാഖ്യാനത്തിലും തെറെറാന്നുമില്ല. ഏതെ ങ്കിലും ഒരു ടിക്കിൽ ഇങ്ങിനേയുള്ള പഴയ ചന്ത ഒന്നുണ്ടെന്നുവരികിൽ ഗവമ്മെണ്ടിന്റെ മുൻക്രട്ടിയുള്ള അനുവാദം ക്രടാതെ മുൻസിപ്പാൽ അധികൃതന്മാക്ക അതിന്നു ഏഴ മയിലിന്നുള്ളിൽ ഒരിടത്തും വേറൊ രു ചന്തക്കു ലൈസൻസ്സ് കൊടുക്കുവാൻ പാടില്ലെന്നുള്ളതാണു അവ സാനത്തെ വകുപ്പെന്നു പറഞ്ഞുവല്ലൊ. ആ നിയമം പൊതുവേയുള്ള താണു. എന്തുസാധനം കച്ചവടംചെയ്യുന്ന ചന്തയായാലും അതിനെ യെല്ലാം ബാധിക്കുകയും ചെയ്യുമെങ്കിലും കൊച്ചീരാജ്യത്തു ഈ നിയമം കൊണ്ടു കണക്കിലധികം ഉപദ്രവം ഏററിട്ടുള്ളതു അടക്ക വ്യാപാര ത്തിനാണു.

അടക്ക കച്ചവടം തലപ്പിള്ളി താലൂക്കിലുള്ള മിക്കവാറും വില്ലേ ജുകളേയും തൃശ്ശിവപേരൂർ താലൂക്കിലുള്ള ചില സ്ഥലങ്ങളേയും മുകുന്ദ പുരം താലൂക്കിലുള്ള ഏതാനും വില്ലേജുകളേയും ബാധിക്കുന്ന ഒന്നാ ണു. ഇന്നത്തെ രാവിലത്തെ ചോദ്യോത്തരം കേട്ടപ്പോൾ ഇതു നിങ്ങ ത്തരവാദികളായ ക്രട്ടരെ പോററുവാൻവേണ്ടി പണം കൊടുക്കേണ്ടിവ രുന്നുവെല്ലൊ എന്നു എനിക്കു തോന്നി. അടക്ക വ്യവസായം ഈ രാ ജ്യത്തു ധാരാളമുണ്ടൊ എന്നു ചോദിച്ചതിന്നു നിശ്ചയമില്ല, എന്നു നമ്മു ടെ തലകനത്ത ഗവമ്മെൻറു ഉത്തരം പറഞ്ഞു. നമ്മുടെ ഗവമ്മെൻറു ആകട്ടെ വളരെ അധികം പണം കൊടുത്തു Imperial Agricultural Research Council ലെ അംഗമായി ചേന്നിട്ടുണ്ടു. ആ സ്ഥാപന ത്തിന്റെ അഭിപ്രായത്തോടുക്രടി ഇവിടെ ഏതാനും ആളുകളെ നല്ല ശമ്പളവും കൊടുത്തു മാക്കററിംഗു ആപ്പീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ടു. അവർ നടത്തിവരുന്ന പ്രവൃത്തിയെന്താണെന്നു നോക്ക കയാണെങ്കിൽ ഈ രാജ്യത്തു കൃഷിചെയ്യാതെയുള്ള ഗോതമ്പു, പുക യില ഈ വക സാധനങ്ങളെപ്പററിയുള്ള അന്വേഷണം നടത്തുകയാ ണെന്നു ഗവമ്മേണ്ടു പറകയുണ്ടായി. ഇവിടെ ഒട്ടുതന്നെ ഉണ്ടാകാ ത്ത മേൽപറഞ്ഞ സാധനങ്ങൾ എവിടെയാണു അധികം ചിലവാകു ന്നതെന്നാണു അവർ നോക്കുന്നതു. അതിന്നുവേണ്ടി പണംകൊടുക്ക ന്ന ഗവമ്മെണ്ടിനേയും അതു കണ്ടുകൊണ്ടിരിക്കുന്ന നാമെല്ലാവരേയും പററി പരിഷ്കൃതലോകം എന്തു പറയുമെന്നു നല്ലവണ്ണം ആലോചിക്കേ ണ്ട ഘട്ടമായി. ഈ നിരർത്ഥകമായ പ്രവൃത്തി നിങ്ങൾ എന്തിന്നു നട ത്തുന്നുവെന്നു ചോദിച്ചതിന്നു ഇവിടെ നടത്തുന്ന പ്രവൃത്തികൾ എല്ലാം ഇമ്പീരിയൽ ഗവമ്മെണ്ടിന്റെ മാക്കററിങ്ങു ആഫീസർമാരുടെ വക തി അനുസരിച്ചാണു നടത്തുന്നതെന്നാണു നമ്മുടെ ഗവമ്മെണ്ടു പറ ഞ്ഞതു. നാട്ടുകാക്കു ഉപകാരമില്ലാത്ത കാര്യങ്ങളിലാണു ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധ പതിയുന്നതെന്ന സമ്മതിച്ചു എന്നല്ലാതെ ഗവമ്മെണ്ടപ്രവൃത്തിയെക്കുറിച്ചു വേറെ എന്താണ വിചാരിക്കേണ്ടതു്. നാട്ടിൽ ധാരാളമായി ഉണ്ടാകുന്നതും വളരെ അധികം ജനങ്ങളുടെ ഉപജീവനമാർഗ്ഗവുമായ നാളികേരം, അടക്ക എന്നീ ഉല്പന്നങ്ങളെപ്പറ്റി ഒന്നംതന്നെ നമ്മുടെ ഗവമ്മെണ്ടിന്റെ മാക്കറിങ്ങു് ഉദ്യോസ്ഥന്മാർ ഇതുപര്യന്തം ആലോചിച്ചിട്ടില്ലെന്ന പറഞ്ഞതു കഷ്ടാകഷ്ടതരംതന്നെയല്ലയൊ. അതങ്ങിനെ ഇരിക്കട്ടെ.

കേരളത്തിൽ ആകെ ഉള്ളതായ അടക്ക കൃഷിയിൽ ൽ൫-ൽ അധികം ശതമാനവും കൊച്ചി രാജ്യത്തിലാണുണ്ടാകുന്നതു്. കൊച്ചീരാജ്യത്തെ അടക്കാ കൃഷിയുടെ ൽ൫ ശതമാനവും ഞാൻ നേരത്തെ പറഞ്ഞ തൃശ്ശിവപേരൂർ, തലപ്പിള്ളി എന്നീ രണ്ടു താലൂക്കുകളിലാണു്. ഈ വിഷയത്തെപ്പറ്റി വേണ്ടവിധമുള്ള അന്വേഷണങ്ങളും നടത്തിയാൽ അറിയാവുന്ന ഒരു സംഗതിയാണിതു്. ഇത്രയും അധികം രാജ്യവിഭാഗത്തെയും ബാധിക്കുന്ന ഒരു കൃഷിയെ സംബന്ധിച്ചു നമ്മുടെ ഗവമ്മേൻറു് ഇതുവരെയായും എന്തു ചെയ്തിട്ടുണ്ടെന്നു മുൻ പറയുക ഉണ്ടായല്ലൊ. എന്നാൽ ഗുണകരമായ രീതിയിൽ ഒന്നും ചെയ്തിട്ടും ചെയ്യുന്നും ഇല്ലെങ്കിലും ഉപദ്രവകരമായ വിധം ചെയ്തിട്ടുണ്ടുതാനും. ഒരു പത്തു കൊല്ലം മുമ്പുവരെ തലപ്പിള്ളി താലൂക്കിലെ അടക്ക ഓട്ടപാറയിൽ രണ്ടു മൂന്നു ചന്തകളിലായി കൊണ്ടുപോയി വില്ക്കാമായിരുന്നു. അതിൽ ഒരു ചന്തയുടെ ലൈസൻസിയുടെ ആവശ്യപ്രകാരം ഗവമ്മെൻറു് മറ്റു ചന്തക്കാർക്കു ലൈസൻസു കൊടുക്കുന്നതു മാറ്റി അതിനുശേഷം വളരെ ഹരജികളും മറ്റും കൊടുത്തതിന്റെ ഫലമായി വടക്കാഞ്ചേരി ഓട്ടപാറയിൽനിന്നു മൂന്നിൽ ചിലപ്പോൾ മയിൽ തെക്കുവശത്തുള്ള കുറുവാൻചേരി എന്നൊ സ്ഥലത്തു കുറച്ചുനാൾ ഒരു ചന്തക്കു ലൈസൻസ്സു കൊടുത്തു. തന്നിമിത്തം ഓട്ടപാറ ചന്തക്കാരനു കിട്ടുന്ന ആദായത്തിനു ഇടിച്ചിൽ തട്ടി എന്നു കണ്ടപ്പോൾ ഫ്രാവു ആദ്യത്തിൽ അയതും ഒരു മുടന്തൻന്യായം പറഞ്ഞു നിൎത്തപ്പെട്ടു. ചന്തകാര്യത്തിൽ ദിവാൻ മിസ്റ്റർ ബാർബർട്ടിന്റെ മുമ്പാകെ കൊടുത്ത ഒരു ഹരജി മറുപടിയിൽ ഇംഗ്ലണ്ടിൽ ഒരു പഴയ ചന്തയുള്ളതിന്റെ മൈയിൽസ് ചുറ്റിൽ വേറെ ചന്ത വയ്യാ എന്നു നിയമമുണ്ടു്. ആ നിയമം ഇവിടെ ബാധകമല്ലാ എന്നു പ്രസ്താപിച്ചതിനെ എന്തൊ പ്രത്യേക കാരണത്താൽ ഓട്ടപാറയിലെ അടക്കാ കച്ചവടക്കാരന്റെ ഗുണത്തിനുവേണ്ടി മാത്രമായി തിരിച്ചു വ്യാഖ്യാനിച്ചു പ്രസ്തുത ചന്ത നിൎത്തൽ ചെയ്തതായിരിക്കണം. (ഹിയർ, ഹിയർ.) ധനുമാസം ൧-൦ം നു- മുതൽ ഇടവം ൧൫-ാം നു-വരെ സാധാരണവും വെള്ളം നനച്ചും പശിമയിട്ടും അടക്ക കൃഷി ചെയ്യുന്ന ആളുകളുടെ രക്ഷയെ കേവലം ആലോചിക്കാതെ ഒരു മാത്രം തടിപ്പിക്കുവാനൊ രക്ഷിക്കുവാനൊ വേണ്ടി മേൽപറഞ്ഞപ്രകാരം ന്യായം പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

മറ്റു ചന്ത നിൎത്തിയതിനെ സാധൂകരിക്കുവാനും അട്ടും പറഞ്ഞ ചീഫ് കോൎട്ട വിധിയുടെ ഫലം ജനങ്ങൾ അനുഭവിക്കാതിരിക്കുവാനും വേണ്ടി കൊണ്ടുവരപ്പെട്ട ക്രമക്രമത്തിലെ ക്രമം റദ്ദുലേഷനെ ഞാൻ സാധാരണയായി ഈ വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ പറയാറുള്ളതു് ആയതു് ഒരു വികൃത വേഷത്തോടുകൂടിയ ഒരു രാക്ഷസക്കുട്ടിയാണെന്നമാത്രമാണു്. (ഹിയർ, ഹിയർ.) എന്താണു് ഇതിന്റെ പിന്നിലുള്ളതു്, എന്തു രഹസ്യമാണു് ഇതിന്റെ പിന്നിൽ ഒളിച്ചുകിടക്കുന്നതു്; ആരാണു് ഇതിനു കാരണക്കാർ എന്നുള്ളതിനെപ്പറ്റിയൊന്നും കൃത്യതയായി വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ലാ. അടക്ക വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള ഒരൊറ്റ ലൈസൻസ്സുകാരനൊഴികെ ബാക്കി ആ കാര്യത്തിൽ ഏർപ്പെട്ടിട്ടുള്ള അത്യദ്ധ്വാനം ചെയ്തു അടക്ക കൃഷി ചെയ്യുന്നവരുടെയും അതു വെട്ടി ഉണക്കുന്നവരുടേയും ചന്തയിൽ വില്പനയ്ക്കു കൊണ്ടുവരുന്നവരുടേയും വയറ്റത്തടിക്കുന്നതും അടക്കകച്ചവടത്തെ നശിപ്പിക്കുവാൻ പര്യാപ്തമായിട്ടുള്ളതുമായ ഈ റദ്ദുലേഷനെ ഇല്ലായ്മ ചെയ്യണേ എന്നു നമ്മുടെ മഹാരാജാവു് തിരുമനസ്സോടു വിനീതമായ ഒരപേക്ഷ ചെയ്വാനായിക്കൊണ്ടു് ഈ കൌൺസിലിന്നു നിയമപ്രകാരം സിദ്ധിച്ചിട്ടുള്ള അധികാരത്തെ ഉപയോഗിക്കാഞ്ഞാൽ അടക്ക വ്യവസായമുള്ള ഒരു ദിക്കിലെ മെമ്പർ ഇവിടെ വരുന്നതെന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു് അപ്രകാരമുള്ള ഒരു ചുമതലാബോധത്തോടുകൂടിയാണു് ഞാൻ ഈ രാക്ഷസക്കുട്ടിയെ വധിക്കുവാനായി ഇവിടെ മൂന്നു വാളുകൾ മൂർച്ചകൂട്ടി കൊണ്ടുവന്നിട്ടുള്ളതു്. അതിൽ ആദ്യത്തേതാണു് ഈ പ്രമേയം. ഇതുകൂടാതെ നമ്മുടെ മൂന്നാമത്തെ റസല്യൂഷൻ ആകുന്ന ഒരു വാളുണ്ടു്. അതുകൊണ്ടു് വെട്ടിയാൽ മുറിഞ്ഞില്ലെങ്കിൽ മൂന്നാമതായി അതിലും മൂർച്ചകൂടിയ ഒരു വാൾ കൂടിയുണ്ടു്. അതു മൂന്നാമത്തെ പ്രമേയമാണു്. മൂർച്ചയുള്ള ഈ വാളുകൾ കൊണ്ടൊന്നും വെട്ടിയാൽ മുറിയുന്നില്ലെങ്കിൽ ചിലർ വിശ്വസിക്കുന്നമാതിരി രണ്ടുവശത്തും വായില്ലാത്ത ഒരു വെട്ടുകത്തി കൊണ്ടിതിനെ കൂത്തി അംഗഭംഗം വരുത്തണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ടു വെട്ടിയാൽ മുറിഞ്ഞില്ലെങ്കിലും ഉദ്ദേശഫലം സിദ്ധിക്കും. അതു് നാളത്തെ കാര്യപരിപാടിയിൽ ചേൎക്കപ്പെട്ടിട്ടുള്ളതാണു്. അതിൽ ക്രമക്രമത്തിലെ ക്രമം റദ്ദുലേഷനെ ജനങ്ങൾക്കു പൊതുവെ ഉപകാരമാകത്തക്കവണ്ണം പരിഷ്കരിക്കണമെന്നാണു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഒന്നുകിൽ ഈ റദ്ദുലേഷൻ റദ്ദു് ചെയ്യണം. അല്ലെങ്കിൽ ആവശ്യമുള്ള നിലയിൽ അതിൽ ഒരു ഭേദഗതി ചെയ്യണം എന്നാണു ഞാൻ ആവശ്യപ്പെടുന്നതു്. മുൻ പറഞ്ഞപ്രകാരം ആഭാസകരമായ ഒരു വ്യാഖ്യാനം ചന്തയ്ക്കും പഠ കൊല്ലം പ്രായംകൊണ്ടു വയസ്സൻ എന്ന പേരു കൊടുത്തുകൊണ്ടൊരു വ്യാഖ്യാനം പഴയ ചന്തക്കും അങ്ങിനെയുള്ള പഴയ ചന്തയുണ്ടെങ്കിൽ അതിനും നാലുഭാഗവും ഒരുമയിൽ മു

LIBRARY ARCHIVES Kerala Legislative Assembly

റ്റിൽ വേറെ ഷന്ത സാധാരണയായി പാടില്ലാത്ത ഒരു നിശ്ചയവും ഉള്ള ഒരു നിയമം വെച്ചുകൊണ്ടിരിക്കുന്നതു് ന്യായമുള്ള യാതൊരു ഗവ മ്മേണ്ടിന്നും ചേർന്നതല്ലെന്നാണു് എന്റെ അഭിപ്രായം. ഈ അഭിപ്രായത്തോടു എല്ലാവരും യോജിക്കുമെന്നതന്നെയാണെന്റെ വിശ്വാസം. അതിനാൽ മേൽപറഞ്ഞ തരത്തിലുള്ള ഫ്രഞ്ചല ഫ്രാം റഗുലേഷൻ റദ്ദ് ചെയ്യണമെന്നതന്നെ ഈ യോഗം ഗവർമ്മേണ്ടിനോടു അപേക്ഷിക്കണം. അങ്ങിനെ ഒരു അപേക്ഷചെയ്താൽ കൂടാത്ത അത്രത്തോളം സ്നേഹമില്ലാത്ത ഹൃദയശൂന്യമായ ഒന്നാണോ കൊച്ചി ഗവർമ്മേണ്ടു് എന്നു ഞാൻ ചോദിക്കുന്നു. ഒരിക്കലും അല്ലെന്നു പറയുവാൻ ന്യായങ്ങൾ പലതുമുണ്ടു്. ഈ വിഷയം ഇത്രമാത്രം ഗൌരവതരമായ ഒന്നായതുകൊണ്ടും ഇതിനുവേണ്ടി പ്രവൃത്തിക്കേണ്ടതു എന്റെ കർത്തവ്യമായതുകൊണ്ടും എന്റെ നിയോജക മണ്ഡലത്തിനുവേണ്ടിയും കൊച്ചി രാജ്യത്തിലെ സാധുജനങ്ങൾക്കുവേണ്ടിയും അങ്ങിനെ ഒരു രക്ഷ ചെയ്യുവാൻ എനിക്കു സാധിച്ചാൽ അതുകൊണ്ടു കൃതാർത്ഥത എനിക്കുണ്ടാകുമല്ലോ എന്നുള്ള കർത്തവ്യബോധത്തോടുകൂടിയുമാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. ഇതെല്ലാം വിചാരിച്ചതുകൊണ്ടു കാര്യസ്വഭാവം ഒരുവിധം എല്ലാവർക്കും മനസ്സിലായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അതുകൊണ്ടു് അനുദ്യോഗസ്ഥഭാഗത്തുനിന്നു പ്രതിരോധിപ്രായം ഒന്നുംതന്നെയില്ലാതെ പാസ്സാക്കണമെന്നുള്ള അപേക്ഷയോടുകൂടി "ഫ്രഞ്ചലെ ഫ്രാം റഗുലേഷൻ റദ്ദ് ചെയ്യണമെന്നു ഗവർമ്മേണ്ടിനോടു അപേക്ഷിക്കുന്നു" എന്നുള്ള പ്രമേയം ബഹുമാനപ്പെട്ടസഭയുടെ സമ്മുമ്പാകെ വെച്ചുകൊള്ളുന്നു.

* മിസ്റ്റർ എം. ശിവരാമമേനോൻ.—ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു. ഈ വിഷയത്തെ സംബന്ധിച്ചു് കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഞാൻ ഇംഗ്ലീഷിൽ പ്രസംഗിയ്ക്കുവാൻ സംഗതിയായതുകൊണ്ടു—അതിൽ ഞാൻ പലപ്പോഴായി ഇംഗ്ലീഷുപദങ്ങളും ഉപയോഗിച്ചതുകൊണ്ടോ എന്തോ അറിഞ്ഞുകൂടാ—വേണ്ടപോലെ ഫലപ്രാപ്തി അന്നത്തെ നിയമസഭയിൽ കാണാത്തതുകൊണ്ടു വ്യസനിയ്ക്കയും, അതിനുശേഷമുള്ള പല പത്രങ്ങളും വായിച്ചപ്പോൾ എന്റെ അപേക്ഷകൾ ശരിയായി മനസ്സിലാക്കിട്ടുള്ളവരുണ്ടെന്നും, അവർ ഭാഗ്യവാന്മാരാണെന്നു വിചാരിയ്ക്കയും ചെയ്തിട്ടുണ്ടു്. ഈ കാര്യത്തെ സംബന്ധിച്ചു ഒരു വക്കാലത്തു പിടിച്ചുവന്നു പറഞ്ഞതിനു് അല്പമായി ഒരു സമാധാനം പറഞ്ഞിട്ടു് പിന്നീടു വിഷയത്തിലേയ്ക്കു പ്രവേശിയ്ക്കാം. ഫ്രഞ്ചൻ കക്കടകമാസത്തിൽ ബഹുമാനപ്പെട്ട ചീഫ് കോർട്ടിൽനിന്നും ഒരു കേസു വിധിച്ചുവെന്നു ബഹുമാനപ്പെട്ട വടക്കാ

* Speech not corrected by the Hon. Member.

LIBRARY ARCHIVES Kerala Legislative Assembly

ഞ്ചേരി മെമ്പർ ഇവിടെ പറയുകയുണ്ടായി. അതിൽ അന്യായഭാഗം വക്കീൽ ഞാനും സക്കാർഭാഗം വക്കീൽ ലാമെമ്പറായിരിയ്ക്കുന്ന മിസ്റ്റർ തോമസ്സ് മാത്തൂരാനും അല്ലാതെ ഈ നിയമ സഭയിൽനിന്നു ഈ കേസ്സിലേയ്ക്കു വക്കാലത്തു പിടിയ്ക്കുവാൻ വേറെ ആരും തയ്യാറായിരുന്നില്ലെന്നുള്ളതു് എനിയ്ക്കു ബോദ്ധ്യമാണു്. ഈ സംഗതിയെപ്പറ്റി സകല ആളുകൾക്കും ബോദ്ധ്യമായിട്ടുണ്ടെങ്കിലും അവരെല്ലാം ഇതിനെ സംബന്ധിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും അതെല്ലാം ഒന്നുകൂടി ഇപ്പോൾ ആവർത്തിയ്ക്കുകയാണു ചെയ്തിട്ടുള്ളതു്. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ പറഞ്ഞതുപോലെ, ചന്തയെന്നു പറഞ്ഞാലെന്താണു്. ചന്തയെന്നുള്ളതിന്റെ വ്യാഖ്യാനമെന്താണു് എന്നുള്ളതു ഈ പുതിയ നിയമത്തിൽ സൃഷ്ടിച്ചിട്ടുള്ള ഭാഗംകൊണ്ടു മനസ്സിലാക്കാവുന്നതാണു്. സാധാരണ ചന്തകളെല്ലാം നടത്തുന്നതു ഗവർമ്മെണ്ടിന്റെ അനുവാദത്തോടുകൂടി മുനിസിപ്പാലിറ്റിയുടെ കീഴിൽ പ്രത്യേകം ഒരു സ്ഥലത്തുവച്ചാണു്. പബ്ളിക്കായ ഒരു ചന്തസ്ഥലമെന്നു പറയുമ്പോൾ അവിടെ സാധനങ്ങൾ കൊണ്ടുവന്നു വില്ക്കുന്നതിനും വാങ്ങുന്നതിനും ജനങ്ങൾക്കു തടസ്സംകൂടാത്തതായ ഒരു സ്ഥലമായിരിയ്ക്കണം. ഏതു സാധനം കച്ചവടം ചെയ്യുന്നതായാലും അതുവാങ്ങുവാനുള്ള ആളുകൾ പലരും, വില്ക്കുവാനുള്ള ഒരാളും വേണം. അതാണു് ചന്ത. ഈ റഗുലേഷനിൽ പറയുന്നതു വില്ക്കുവാനുള്ള ആൾ ഒന്നായാലും മതി, വാങ്ങുവാൻ ഒന്നിൽ കൂടുതൽ ആളുകൾ വേണമെന്നാണു്.

"Market means a place where persons assemble for the sale of meat, fish, fruit, grain, vegetables or any other articles of food or commerce or any vendible article or for the sale of live-stock or poultry". മാംസം വില്ക്കുന്നതിനായി ഒരാൾ ഒരു സ്ഥലത്തിരിയ്ക്കുകയും, വാങ്ങുവാൻ നൂറാളുകൾ വരുകയും ചെയ്താൽ അതു ഒരു ചന്തയായി. മാംസമോ വേറെ പദാർത്ഥങ്ങളോ വാങ്ങുവാൻ ഒന്നിൽ കൂടുതൽ ആളുകളായാൽ വില്ക്കുവാനുള്ള ആൾ ഒന്നു പോരാ എന്ന വ്യാഖ്യാനത്തെ താങ്ങി പറയുവാൻ സാധിയ്ക്കുയില്ലെങ്കിൽ അതു ഒന്നിൽ കൂടുതലായ ഒരു അസംബ്ളിയായി. അങ്ങിനെയുള്ള ഒരു അസംബ്ളിയിൽ ഇത്ര ആളുകൾ കൂടിയാൽ മതി എന്നു പറഞ്ഞിട്ടില്ല. അങ്ങിനെ ഒന്നിൽ കൂടുതൽ ആളുകൾ ഒരു സ്ഥലത്തു കൂടിക്കഴിഞ്ഞാൽ നിശ്ചയമായും അതൊരു ചന്തയായി. ഉദാഹരണമായിട്ടു ഒരു സംഗതി പറയാം. നമ്മുടെ മുമ്പാകെയുള്ള ഈമൈതാനത്തിൽ രണ്ടോ മൂന്നോ ആളുകൾ വന്നാൽ കച്ചവടം ചെയ്യുന്നുണ്ടു്. അതുപോലെതന്നെ അങ്ങാടിയിൽ പോയി നോക്കിയാലും പലചരക്കു പീടികകൾ ധാരാളമുണ്ടു്. ഏതെങ്കിലും ഒരു കെട്ടിടത്തിൽ ഒന്നുപോലെ സാധനങ്ങൾ വച്ചുകൊണ്ടു കച്ചവടംചെയ്യുന്ന രണ്ടു പീടികകൾ ഉണ്ടെന്നു വിചാരിയ്ക്കുക. അങ്ങിനെയു

LIBRARY ARCHIVES Kerala Legislative Assembly

ള്ള കച്ചവടം നടക്കുന്ന സ്ഥലത്തു വാങ്ങുവാൻ ചെല്ലുന്ന ആളുകൾ ഒന്നിലധികമായാൽ അതും ഒരു ചന്തയായി. ഓരോരുത്തരേയും ചന്തയില്ലാതിരിയ്ക്കണമെന്നുണ്ടെങ്കിൽ ഒരാൾമാത്രമേ പാട്ടമുള്ള വില്ക്കുവാനും വാങ്ങുവാനും. ഒന്നിൽ കൂടുതൽ ആളായാൽ അതു ചന്തയായി. എന്നാൽ എന്തിനാണ് ഈ ഏർപ്പാട് വച്ചുകൊണ്ടിരിക്കുന്നതെന്നു ചോദിച്ചാൽ വളരെ ബുദ്ധിപൂർവ്വകമായി നിയമപാണ്ഡിത്യമുള്ള ആളുകൾ ഉണ്ടാക്കീട്ടുള്ള ഒന്നായതുകൊണ്ടാണെന്നാണ് ബഹുമാനപ്പെട്ട ചീഫ് കോടതിയിലെ വിധി, ഒരാൾ കച്ചവടം ചെയ്യാനിരിയ്ക്കുക, പല ആളുകളും കൊണ്ടുവരുന്ന സാധനങ്ങൾ വാങ്ങിക്കൊണ്ടു അയാൾക്കു ചീട്ടോ, പണമോ കൊടുത്തു പറഞ്ഞയയ്ക്കുക, എന്നിട്ട അയാൾ ആ സാധനങ്ങളെല്ലാം പാണ്ടിരാജ്യത്തെയ്ക്കോ മറ്റോ അയച്ചു കച്ചവടം ചെയ്യുക; ഇതു ഒരു ചന്തയെന്നുള്ള നിലയിലല്ലെന്നും അതിനു ലൈസൻസ് എടുക്കേണ്ടതില്ലെന്നുമാണ്.

ആയതുകൊണ്ട് ഞാൻ ഈ നിയമസഭയ്ക്കു മുമ്പാകെ അറിയിക്കുന്നതു്, പല ആളുകളും കൊണ്ടുവരുന്ന സാധനത്തെ ഒരു മുറിയിലിരുന്നുകൊണ്ട് ഒരാൾ പണംകൊടുത്തു വാങ്ങി അന്യസ്ഥലങ്ങളിലേയ്ക്കു കയറ്റി അയച്ചാൽ അതിനു ലൈസൻസ് എടുക്കേണ്ടതില്ലെന്നു പറഞ്ഞു; എന്നാൽ അതു മുനിസിപ്പാൽ റഗുലേഷൻപ്രകാരം ഒരു ചന്തയാണെന്നുള്ള നിലവന്നപ്പോൾ ബഹുമാനപ്പെട്ട നിയമപണ്ഡിതന്മാരുടെ വ്യാഖ്യാനം കൊണ്ടുവന്നു് അതു് ഒരു ചന്തയായിട്ടില്ല; അതുകൊണ്ട് അതിനു ലൈസൻസെടുക്കണമെന്നു പറയുന്നതു് ന്യായീകരിയ്ക്കുന്നതല്ല എന്നു് ചീഫ് കോടതി തീരുമാനിച്ചു എന്നാണ്. ഈ കേസിലെ പ്രതി ഡാക്ടർ വർഗീസായിരുന്നു. അദ്ദേഹത്തെ കോടതിയിൽ വരുത്തി വിസ്തരിയ്ക്കണമെന്നുണ്ടെങ്കിൽ മൂന്നു മാസത്തിനു മുമ്പു് നോട്ടീസു കൊടുക്കണമെന്നുണ്ടു്. ആ നോട്ടീസു് ആ കക്ഷിയ്ക്കു് കൊടുത്തിരുന്നില്ല. അപ്രകാരം കേസു വിധിച്ചതിന്റെ നൂറ്റാം ദിവസമാണ് ഈ റഗുലേഷൻ ഉണ്ടായിട്ടുള്ളതു്. ആ റഗുലേഷൻ മുനിസിപ്പാൽ റഗുലേഷനെ ഭേദഗതി ചെയ്തുകൊണ്ടുള്ള ഒന്നായിരുന്നു.

ഈ കൊച്ചീ രാജ്യത്തു് നാലു മുനിസിപ്പാലിറ്റികളുണ്ടു്. ഈ മുനിസിപ്പാലിറ്റികൾക്കും പുറമെ മുനിസിപ്പാലിറ്റി പ്രതിനിധികൾ അടങ്ങീട്ടുള്ള മുനിസിപ്പൽ കാൺഫറൻസും ഈ രാജ്യത്തുണ്ടു്. അവരുടെ അഭിപ്രായംകൂടി അറിയാതെ, മുനിസിപ്പാൽ കൗൺസിലുകൾക്ക് യാതൊരറിവും കൊടുക്കാതെ പെട്ടെന്നു് ഇങ്ങിനെ ഒരു റഗുലേഷൻ പാസാക്കുകയാണു ചെയ്തതു്. (ഷെയിം) എന്നാൽ നിയമപ്രകാരം ഗവർമ്മെൻറിന് ഈ നിയമസഭയുടെ അനുവാദമില്ലാതെ ഏതു നിയമവും ഇഷ്ടംപോലെ പാസാക്കുവാൻ സാധിയ്ക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ ഗവർമ്മെൻറിനെപ്പോലെ ശ്രേഷ്ഠതരമായ ഒരു സ

LIBRARY ARCHIVES Kerala Legislative Assembly

രൂപം ഈശ്വരനല്ലാതെ വേറെയില്ല. എന്തുതന്നെ വിഷമതകളുണ്ടായാലും സ്വന്തം നിലയിൽ വല്ല വിഷമതകളോ കഷ്ടതകളോ ചെറുതുത്തിയിലെ തിരഞ്ഞെടുപ്പുപോലെയുള്ള പ്രതിബന്ധങ്ങളോ ഉണ്ടായാലും അതിനെപ്പറ്റി സാരമായി ഗണിയ്ക്കാതെ യാതൊരുപ്രകാരത്തിലും ജനങ്ങൾക്കു കഷ്ടത നേരിടാതിരിയ്ക്കത്തക്കവിധത്തിൽ, നിഷ്പ്രയാസവും നിഷ്കളങ്കവുമായ നിലയിൽ ഇതിനെ നടത്തിച്ചെയ്യേണ്ടതായിരുന്ന ഗവണ്മെൻറിന്റെ ചുമതല. ഞാൻ ഈ കേസിൽ വക്കാലത്തു് ഫയലാക്കീട്ടുള്ള ഒരാളായതുകൊണ്ടാണു് എനിയ്ക്കു് ഇന്നു് ഇത്രയും ഈ സഭയിൽ പറയുവാൻ അവസരമുണ്ടായതു്. ഞാൻ ആദ്യം ഈ പ്രമേയത്തെപ്പറ്റി ഒരു വാക്കുപോലും പറയണമെന്നു വിചാരിച്ചിരുന്നില്ല.

എന്തു സാധനം വിറ്റാലാണു് ചന്തയാകുന്നതു് എന്നു് ഇന്നു രാവിലെ ഇവിടെ ഒരു ചെറിയ ചോദ്യം ചോദിച്ചു. എറണാകുളത്തു് ചന്ത തുടങ്ങീട്ടു് ഇപ്പോൾ പത്തു കൊല്ലത്തിൽ കൂടുതലായിട്ടുണ്ടു്. അവിടെ വാഴയില, പച്ചമുളക്, ചെത്തിപ്പൂ തുടങ്ങിയുള്ള പല സാധനങ്ങളും കൊണ്ടുവച്ചു വില്ക്കുന്നുണ്ടു്. അതുപോലെതന്നെ കല്ലൂരും ഒരു ചന്തയുണ്ടു്. അവിടെയും ഈ സാധനങ്ങളെല്ലാം വച്ചു വില്ക്കുന്നുണ്ടു്. പിന്നെ വൈറ്റിലയിലും ഒരു ചന്ത നടക്കുന്നുണ്ടു്. ഈ എറണാകുളം ചന്തയിലുള്ള സകല സാധനങ്ങളും അവിടെയും ഉണ്ടു്. എറണാകുളം ചന്തയിൽനിന്നും ഈ സ്ഥലങ്ങളിലേയ്ക്കു പോകുവാൻ ഏഴു മയിൽ ദൂരം വരികയില്ല. പിന്നെ തൃപ്പൂണിത്തുറയിലും ഒരു ചന്തയുണ്ടു്. അവിടെ പോകുവാൻ ഏഴുമയിലില്ല. ഈ സ്ഥലങ്ങളിലെങ്ങും ഇതുവരെ യാതൊരു കുഴപ്പവുമില്ലാതെ ചന്ത നടന്നുവരുന്നുണ്ടു്. ഈ നിയമമുണ്ടാക്കിയിരിയ്ക്കുന്ന അവസരത്തിൽ അതു വച്ചുകൊണ്ടു വേണമെങ്കിൽ അങ്ങാടിയിലുള്ള പീടികക്കാക്കെല്ലാം നോട്ടീസുകൊടുക്കാം. പക്ഷേ ഗവണ്മെൻറിനുള്ള അധികാരം മുനിസിപ്പാലിറ്റികൾക്കില്ലെങ്കിലും മറ്റുദ്ദേശമെന്നുള്ള ജാത്യാലുള്ള മനുഷ്യസ്വഭാവം മുനിസിപ്പാൽ അധികൃതന്മാക്കുള്ളതുകൊണ്ടു് അവർ ഇതുവരെ യാതൊരു നടപടികളും നടത്തീട്ടില്ല. (ചിരി.) നമ്മുടെ കൊച്ചീ രാജ്യം വിദ്യാഭ്യാസ നിലയിലും, ഫാർമിനെറ കായ്ത്തിലും മുന്നണിയിൽ നില്ക്കുന്ന ഒരു രാജ്യമാണു്. അങ്ങിനെയുള്ള ഈ കൊച്ചീ രാജ്യത്തിലെ സാധുക്കളായ ജനങ്ങൾ പട്ടിണികിടന്നു കഷ്ടപ്പെട്ടു വെള്ളംകോരി നനച്ചുണ്ടാക്കുന്ന അടക്കയ്ക്കു യാതൊന്നും കിട്ടാതെ അവനവന്റെ കുടുംബങ്ങൾ മുഴുവനും പട്ടിണികിടന്നു മരിയ്ക്കുവാനിടവരുത്തുന്ന ഈ നിയമം ഇരിയ്ക്കട്ടെ എന്നു വിചാരിച്ചു നിങ്ങൾ സുഖമായി ഇവിടെവന്നു സന്തോഷിച്ചിരിയ്ക്കുന്നവെങ്കിലും ഈ നിയമം കൊച്ചിയിലെ അടയ്ക്കാ വ്യവസായത്തെ സംബന്ധിച്ചു മാത്രമുള്ളതല്ലെന്നും, ചെത്തിപ്പൂ കച്ചവടക്കാർ തുടങ്ങി എന്തെല്ലാം വ്യവസായങ്ങൾ ഈ നാട്ടിലുണ്ടോ അവയെയെല്ലാം ബാധിയ്ക്കുന്ന ഒന്നാണെ

LIBRARY ARCHIVES Kerala Legislative Assembly

ന്ന നിങ്ങൾ വിചാരിയ്ക്കണം. ഫ കൊല്ലം കഴിഞ്ഞാൽ ഏഴു മയിൽ നിങ്ങൾ നടക്കണമെന്നുള്ള ഒരു നിലവരും.

ഈ നിയമം ഇപ്പോൾ ഇംഗ്ലണ്ടിലുണ്ട്. അവിടെ ഇരുപതു കൊല്ലത്തോളം ഒരു വഴിയിൽക്കൂടി നടന്നുപോകുന്നുണ്ടെങ്കിൽ അതു കഴിഞ്ഞാൽ പിന്നെ അയാൾക്ക് അതുവഴി നടന്നുപോകുവാൻ പ്രയാസമുണ്ടെന്നുള്ള തരത്തിൽ ഒരു നിയമമാണതു്. ഈ നിയമത്തിൽ പറയുന്നതു് മുനിസിപ്പാൽ നിയമമനുസരിച്ചു് വീണ്ടും ആ സ്ഥലകാര്യത്തിനു നടത്തുവാൻ അധികാരമുണ്ടെന്നാണു്. ഏ. നടത്തിയതു ചന്തയ്ക്കെതിരായി ബി. ക്ക് ഒരു ചന്ത നടത്തുവാൻ ബുദ്ധിമുട്ടൊന്നും കണ്ടാലും പാടില്ലെന്നു് ഒരു മജിസ്ട്രേട്ടിനു് ഉത്തരവിടുവാൻ തരമില്ല എന്നാണു് നിയമത്തിൽ പറഞ്ഞിട്ടുള്ളതു്.

എനിയ്ക്കു് ഇതിനെ സംബന്ധിച്ചു് നിയമസഭാ സാമാജികന്മാരോടു് പറയുവാനുള്ളതു് ക്രോധമുണ്ടാകത്തക്ക നിലയിൽ ഉള്ള യാതൊരു പ്രസംഗങ്ങളും ഇവിടെ ഉണ്ടാകാതിരിയ്ക്കുവാനും ജനങ്ങളുടെ കഷ്ടതകളെ ആലോചിച്ചും ഗവൺമെൻറിന്റെ നല്ല പേരിനെ ഉദ്ദേശിച്ചും ജനങ്ങളിൽനിന്നുണ്ടാകുന്നതായ തൃപ്തിക്കേടിനെ സമ്പാദിയ്ക്കാതിരിയ്ക്കുവാൻ വേണ്ടിയും ഈ നിയമത്തെ ഉടനടി റദ്ദു് ചെയ്യിക്കണമെന്നാണു്. മാക്കറിംഗു റഗുലേഷനെപ്പറ്റി മാത്രമേ രണ്ടഭിപ്രായമുള്ളൂ. സാധനങ്ങൾ വിൽക്കുവാൻ ഒന്നിലധികം ഷോപ്പുകൾ വേണമെന്നായിരിയ്ക്കാം അഭിപ്രായവ്യത്യാസം വരുന്നതു്. ഈ ലോകത്തിൽ കച്ചവടത്തിനായി ഉപയോഗിയ്ക്കുന്ന സകല സാധനങ്ങളും സ്ക്രൂ ആണിക്കുടിയും ഈ റഗുലേഷനിൽനിന്നും ഒഴിവാക്കീട്ടില്ലെന്നു കാണുന്നുണ്ടു്. അതിനെ സംബന്ധിച്ചു വ്യക്തമായി മനസ്സിലാക്കാതിരിയ്ക്കുന്നവെങ്കിൽ ഫ-ാമത്തെ കൊല്ലത്തിലാണു് കഷ്ടപ്പാടുണ്ടാവുവാൻ പോകുന്നതു്. ഏഴുമയിലിനുള്ളിൽ ചന്ത നടത്തരുതെന്നുള്ള നിയമമിരിയ്ക്കുമ്പോൾ ഫ കൊല്ലം കഴിഞ്ഞാൽ പിന്നെയും തോന്നി വരുന്നതു്. ഈ നിയമം വന്നിട്ടുള്ളതു് ഫ-ാം ചിങ്ങത്തിലാണു്. ഇപ്പോൾ ഒരു കൊല്ലമായിട്ടേ ഉള്ളൂ. അതുകൊണ്ടു് ഫ കൊല്ലം കാത്തിരിയ്ക്കാതെ ഇപ്പോൾ തന്നെ ജനങ്ങളുടെ കഷ്ടതകളെക്കുറിച്ചാലോചിച്ചു് അവരുടെ രക്ഷയ്ക്കു വേണ്ടി, ആരെന്തുതന്നെ പറഞ്ഞാലും അന്തഃകരണത്തിന്റെ മനസ്സാക്ഷിയെ മുൻനിറുത്തി ഈ നിയമം ഉടനടി റദ്ദു് ചെയ്യണമെന്നും, പ്രത്യേകിച്ചും ദിവാൻജിയവർകൾ ഗവൺമെൻറിനെ ഈ വിഷയത്തിൽ നല്ലപോലെ ഉപദേശിച്ചു് ഈ നിയമത്തിൽ ഭേദഗതി ചെയ്യേണ്ടതു് അത്യാവശ്യത്തിന്റെ കൃത്യവും ചുമതലയുമാണെന്നും അഭിപ്രായപ്പെട്ടുകൊണ്ടും ഞാൻ തൽക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

* **Dr. A. R. Menon.**—Sir, I shall be heeding to the advice given by my Hon'ble friend not to lose temper in dealing with

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

this very delicate subject. I have left the arecanut land so as to avoid any further trouble and entered into a Cocoanut land. But it seems to me that somehow or other one cannot get rid of this subject wherever he goes and whichever constituency he represents because this question has assumed such proportions that it has almost become a national question. Meetings have been held all over the places and a new awakening has taken place in the State. It would be the paramount duty of the Government to observe the trend of public opinion and not to rely upon their inherent strength. Please remember that the strength of the Government depends upon the moral support of the people. I would consider that the strength of the Government does not depend upon the bayonets and bullets but upon the loyal co-operation and moral support of our people.

Now, Sir, here is a piece of legislation that has been passed Fortunately, we, in this House, are not responsible for that. The nature of the Regulation has been clearly dealt with by the learned and able legal members who happen to be in this House and it would be a folly on my part to enter into the merits of the case. Even a layman can discuss matters from a general point of view and I propose to discuss the question—the burning question, the question that has roused the ire of our people—only from that point of view. We will be failing in our duty—don't think that we are threatening you — if we do not voice in this Council the feelings that have been roused by this action of the Government. I would have qualified that with some qualifications if this law was passed by this House. I am restraining myself because of the nature of the procedure followed by the Government and it would not be becoming on my part to add any qualifications.

What is taking place? Just take a parallel case. Suppose the Government brings forward a bill that cocoanut shall be sold only in one market and that within seven miles of that market there shall be no other market. What will be the position? Arecanut sustains the life of Vadakkancheri as much as cocoanut sustains the life of the seaboard districts. It is only when you realise the comparison, when you find out how arecanut is as important to that district as cocoanut is to members of this part that you will realise how serious this question is. It is very difficult to speak with moderation, when we see that the unanimous opinion of this House, and the public opinion of this State demanded, requested and besought the Government to annual this law. The law may be good, the law may be bad. No reason-

LIBRARY ARCHIVES Kerala Legislative Assembly

able man will make himself a slave to the law. The law is a slave to the man. What is the use of telling us that there is a law in England. There may be several laws in England. Are you sure that the application of those laws is essential for our protection here. There are laws in Calcutta and in the Bengal Presidency. That law is different from the law you enacted here. Why was it that you went all the way to England to copy out this law. Why don't you go to the Calcutta High Court decision. Therefore we are justified to draw the inference that all is not fair and above board. There is something lurking behind it. I have never known the Government showing so much anxiety as they have done in this. Where is the necessity for such anxiety to rush through a piece of legislation which affects a good portion of two Talukas, without bringing it into this House. What are we here for? Are we here only to move silly Resolutions or are we here to deal with subjects that affect the daily avocations of our people in this land. I regret to note, Sir, that this piece of Legislation has lowered us in the estimation of our people, has lowered the prestige of this Council in the estimation of our people. I submit to you Sir, that anything the Government does to lower the prestige of the Council reflects adversely upon the honour, the position, the stability and the nobility of the Government. While we are doing our very best to co-operate with the Government is it not the duty of the Government to see that they do not do any action which will lower us in the estimation of our constituents? What answer shall we give to our constituents, when they ask, "Why are you going to the Council? Will you get out of it? You people go to the Council, spend 40 to 50 thousand rupees and, without your knowledge a law is passed and you are going on talking and talking". Are they not justified in making such a condemnation?

I want only to bring out one more point. Suppose the Law is good. Suppose it is essential for our good I say that the Government of Cochin just like other Governments live, thrive, and work for the sake of the people. If the people think that this law is injurious, why not you make these fools understand the difficulty by removing this law? Then they will come back to us and say that it is essential and would request us to replace it in the Statute Book. Give them a chance to see and when they find that this law is essential for their protection and when we come here and request the Government to re-enact the law, the Hon'ble Members sitting on the other side will get a chance to get up and say, "We told you so. You made this mischief. Hereafter be careful to meddle with the laws that we enact". You

LIBRARY ARCHIVES Kerala Legislative Assembly

must do so at least to teach us a lesson and to keep us in our proper place. It would be a great consolation to you gentlemen if you get a chance like that.

Those things apart, I submit in all sincerity that this question must be viewed by the Government impartially. Government must stifle all their feelings to individuals however eminent he or she may be. This has done incalculable damage to the Cochin Durbar. Whatever may be the truth, whatever may be the facts, the people have come to realise, and to believe that it was done deliberately to help certain bodies. Such a charge, whether based upon reality or imagination, should not be allowed to go forth. The Government must be free from suspicion like Caesar's wife. No suspicion should be attached to them. They should not give ground to us to deliver an attack of this nature. I know fully well the responsibility of the Government in this matter. They were actuated not by a sense of the public duty they owe to the public but for the sake of safeguarding the interests of one man. Let this not take place a second time. Let the Government take this matter in their hands and let them try to restore us to the position we enjoyed before. No such charge has been brought against you for the last 11 years. We can all understand, and appreciate mistakes. But when we think that it is done deliberately for the sake of one man, is it wonderful, is it unnatural, that people lose their temper? When their wives and children are starving are you going to preach, "This is a good law, a precious one, a law imported from England. Therefore make your wives and children starve rather than remove this precious law which is the result of the joint wisdom of two learned advocates.

I have uttered this complaint and I hope and trust that the Government will make allowance for the temper shown and will only consider the representation because I am really, righteously, moved in this matter. If I have gone beyond limits, I apologize to you, Sir.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി.— ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ അഭിപ്രായങ്ങളോടുകൂടി എനിയ്ക്കും യോജിക്കാതിരിയ്ക്കുവാൻ നിവൃത്തിയില്ല. ഈ റഫ്രഷ്മെന്റ്കൊണ്ടു് അടക്ക കൃഷിക്കാർ വളരെ അധികം ബുദ്ധിമുട്ടുന്നുണ്ടെന്നുള്ളതു് ഇവിടെ പ്രസ്താവിയ്ക്കാതിരിയ്ക്കുവാൻ നിവൃത്തിയില്ല. ഞാൻ പ്രതിനിധീകരിയ്ക്കുന്ന പഴഞ്ഞി നിയോജകമണ്ഡലം സാധുക്കളായ അടയ്ക്ക കൃഷിക്കാർ ധാരാളമുള്ളതായ സ്ഥലങ്ങളാണു്. അവർക്കു് അടയ്ക്ക കൃഷിചെയ്യുന്നതിൽ വളരെ ഉപദ്രവങ്ങൾ ഉണ്ടാകുന്നുണ്ടെന്നു് എനിയ്ക്കു മുമ്പു് ഇവിടെ സംസാരിച്ച മെമ്പർമാർ പറഞ്ഞു കഴിഞ്ഞിട്ടുണ്ടു്. ആ ബുദ്ധിമുട്ടിനെ പരിഹരിയ്ക്കുവാനാണു്

LIBRARY ARCHIVES Kerala Legislative Assembly

ഈ റഗുലേഷൻ റദ്ദ് ചെയ്യണമെന്നാവശ്യപ്പെടുന്നതു്. അതുകൊണ്ടു് ഇതിനെ ഉടനെ റദ്ദ് ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

മിസ്റ്റർ വി. കെ. കുട്ടി.— സർ, അതേകൊല്ലമായിട്ട് ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരേയും ജനപ്രതിനിധികളേയും കോടതികളേയും അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് ഈ അടയ്ക്കാ പ്രശ്നമെന്നു ഗവമ്മെൻറിന്നറിയാം. ഇതു എപ്പോഴും കൌൺസിലുകളിലും കോടതികളിലും ആവത്തിച്ചാവത്തിച്ചുകൊണ്ടു കഴിച്ചുകൂട്ടുവാൻ ഗവമ്മെൻറുദ്ദേശിക്കുന്നുണ്ടെങ്കിൽ ഈ വിഷയത്തിൽ ഒരു പരിഹാരമുണ്ടാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നില്ല. നാട്ടിൻറയും നാട്ടുകാരുടേയും ക്ഷേമത്തേയും സമാധാനത്തേയും ഗവമ്മെന്റുദ്ദേശിക്കുന്നുവെങ്കിൽ ഈ വിഷയത്തെപ്പറ്റി ഇന്നുതന്നെ ഗവമ്മെൻറ് തൃപ്തികരമായ ഒരു മറുപടി പറഞ്ഞു് നിയമസഭാ സാമാജികന്മാരുടെ ഈ പ്രമേയത്തെ പിൻവലിപ്പിക്കുകയാണു വേണ്ടതു്. അങ്ങിനെചെയ്യേണ്ടവരായ മുതലാബോധമുള്ള ഉദ്യോഗസ്ഥന്മാരും, വ്യവസായ സംബന്ധമായ കാര്യങ്ങളിൽ നല്ല പരിചയവും സാമർത്ഥ്യവും പ്രാപ്തിയും സിദ്ധിച്ചിട്ടുള്ള ദിവാൻജിയവർകളും അതു ചെയ്യുമെന്നാണ് ഞങ്ങൾ വിചാരിക്കുന്നതു്. മഹാരാജാവു തിരുമനസ്സിൽനിന്നു പ്രസിദ്ധപ്പെടുത്തീട്ടുള്ള ഫ്രഫറ-ലെ നൊാം റഗുലേഷൻ മുഴുവനും കളയണമെന്നു് ഈ നിയമസഭാ സാമാജികന്മാർക്കുദ്ദേശമുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ റഗുലേഷൻമൂലം നാട്ടിലെ വ്യവസായങ്ങളുടെ ഇടയിൽ വന്നുകൂടീട്ടുള്ളതായ അസൌകര്യങ്ങളെ പരിഹരിക്കണമെന്നുള്ള ഉദ്ദേശം മാത്രമേ ഈ നിയമസഭാ സാമാജികന്മാർക്കുള്ളൂ. ഈ പ്രമേയത്തിന്റെ അവതാരകനായ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ അവർകൾതന്നെ അദ്ദേഹത്തിന്റെ ആദ്യത്തെ അവതരണ പ്രസംഗത്തിൽ ഇതിന്റെ ഉദ്ദേശത്തെപ്പറ്റി വിവരിക്കുകയുണ്ടായി. ഒരു എണ്ണമുള്ളതും വർഷകൊല്ലത്തെ കാലാവധി നിശ്ചയിച്ചിട്ടുള്ളതും ഉപേക്ഷിക്കുന്നപക്ഷം ഈ വ്യവസായം സംബന്ധിച്ചുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സാധിക്കുമെന്നു അദ്ദേഹം പറഞ്ഞു. കൌൺസിലിന്റെ ഈ സെഷനിൽതന്നെ ഇതിനെ സംബന്ധിച്ച പ്രമേയങ്ങളും ഭേദഗതികളും ബില്ലുകളും വേറേയും ഉള്ളതായി ഗവമ്മെൻറിന്നറിയാം അതുകൊണ്ടു ഗവമ്മെൻറിൽനിന്നും ഈ അടക്കകച്ചവടക്കാരുടേയും ഗവമ്മെൻറിന്റേയും ഇതുവരെയുള്ള അനുഭവത്തെ മനസ്സിലാക്കിയതിനു ശരിയായ ഒരു പരിഹാരം ഉണ്ടാക്കി ജനപ്രതിനിധികളെ തൃപ്തിപ്പെടുത്തണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ.—ഈ പ്രമേയത്തെ അനുകൂലിക്കുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. ഇന്നു ചുരുക്കത്തിൽ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

വിസ്തീർണ്ണമുള്ള ഒരു സ്ഥലത്തു് ഒരു ചന്തമാത്രമേ പാടുള്ളൂ എന്നുള്ള വ്യവസ്ഥചെയ്യുന്ന നിയമം എടുത്തുകളയണമെന്നാണു് ജനപ്രതിനിധികൾ ഗവർമെൻറിനോടപേക്ഷിക്കുന്നതു്. ഞങ്ങളുടെ ഈ അപേക്ഷ ഗവർമെൻറു് ഒരു പക്ഷെ നിരസിച്ചു് ഗസറ്റിൽ 'വെരി റിഗ്രെറ്റു്' ആയി കൊണ്ടുവരുവാൻ ഇടവരുമോ എന്നുള്ള സംശയംകൊണ്ടാണു് ഇതു കൊണ്ടുവന്നിട്ടുള്ളതു്. ഇതിനെ വ്യക്തമായി പറഞ്ഞു ബോദ്ധ്യപ്പെടുത്താം. ഏഴു മയിൽ ഒരു സെൻറാക്കി ഒരു സർക്കിൾ വരച്ചാൽ ഉദ്ദേശം സ്ക്വെയർ മയിലാകും. അതിനകത്തു് അവിടത്തെ സാധനങ്ങൾ വേറെ ചന്തയിൽ വിൽക്കരുതെന്നുള്ള നിർബന്ധം ശരിയല്ല. ക്ഷാമംവന്നു് ക്ഷേമത്തെ നാട്ടിൽനിന്നു ആട്ടിപ്പായിച്ചുകളഞ്ഞു. നാട്ടിലുണ്ടാകുന്ന ഉല്പന്നങ്ങൾ അടുത്ത ചന്തയിലല്ലാതെ വേറെ ചന്തയിൽ വില്പനവെങ്കിൽ അതു വിറ്റു കിട്ടുന്നതുതന്നെ വഴിച്ചിലവിനു വേണ്ടിവരും. അതു വരാതെ കഴിച്ചുകൂട്ടുവാനും സാധനങ്ങൾക്കു കൂടുതൽ വില കിട്ടുവാനും ഒരു കമ്മിഷൻ വേണം. അങ്ങിനെയായാൽ മാത്രമേ കച്ചവടങ്ങൾക്കു് അഭിവൃദ്ധിയുണ്ടാകുവാനിടയുള്ളൂ. സാമാനങ്ങൾക്കു വിലകൂടി കിട്ടണം. അതിനു സൌകര്യപ്പെടാത്തവിധത്തിൽ ഇങ്ങിനെ വരുവാൻ കാരണമെന്താണെന്നു് അന്വേഷിച്ചു നോക്കിയപ്പോൾ ഇതു നിർഭാഗ്യം പിടിച്ച സാധനം ഈ നാട്ടിൽ ഉണ്ടായതാണോ എന്നു തോന്നിപ്പോകുന്നു. (ചിരി.) ഇപ്പോൾ അടയ്ക്കക്കു മാത്രമേ ബാധിച്ചിട്ടുള്ളൂ എങ്കിലും ക്രമേണ ഏതെല്ലാം ഉൽപന്നങ്ങൾക്കാണു വരുവാൻ പോകുന്നതെന്നോർക്കുമ്പോൾ ഇതിലും വളരെ വ്യസനം തോന്നുന്നുണ്ടു്. ദിവാൻജിയവർകൾ ഇതിനെപറ്റി രഹസ്യമായി അന്വേഷിച്ചതിൽ അവിടെ യാതൊന്നുമില്ലെന്നാണു്. എന്നാൽ അതിനെക്കുറിച്ചറിയണമെന്നു വിചാരിച്ചാണു് ഞാൻ ഒരു ദിവസം ആ ചന്തയിൽ പോയതു്. അപ്പോഴാണു് അടക്കക്കച്ചവടത്തിൻറെ രഹസ്യം മനസ്സിലായതു്. അതു വളരെ ആദായമുള്ള ഒരേർപ്പാടാണു്. അവിടെ അടക്ക തൂക്കുവാൻ കൊണ്ടുചെന്നാൽ അതു് ആ ചന്തക്കാരൻറെ ആൾ മാത്രമേ പാടുള്ളൂ. അങ്ങിനെ ചൊരിയുമ്പോൾ താഴെ പോകുന്നതെല്ലാം ചന്തക്കാരൻറെ ആൾക്കാണു്.

ഇങ്ങിനെ തൂക്കിയെടുക്കുന്ന അടക്ക തൂലാത്തിനു നാലണയാണു കമ്മീഷൻ. ഈ ചന്തയിൽ തൂലാത്തിനു് ഇന്നതു കൊടുക്കണമെന്നൊന്നുമില്ല. എഴുതിവച്ചിട്ടുള്ള ബോർഡിലാണെങ്കിൽ അതും കൂടിയില്ല. ഇങ്ങിനെയുള്ള വലിയ അഴിമതി നടത്തുന്ന ചന്തയെ രക്ഷിക്കുവാൻ മാത്രമാണു് ഈ നിയമമുണ്ടാക്കീട്ടുള്ളതു്. എന്നാൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് തുക്കെ വിളയാടിയ അവസരത്തിൽ നിങ്ങൾ ആ തിരുമേനിയോടു പറയേണ്ടതായിരുന്നില്ലേ? അതു നിങ്ങൾ പറഞ്ഞിരുന്നുവെങ്കിൽ ഇതു വളരെ സങ്കടം പ്രജകൾക്കു വന്നുവോ എന്നു് ആ തിരു

LIBRARY ARCHIVES Kerala Legislative Assembly

മേനി അറിയുമായിരുന്നില്ലേ? അതുകൊണ്ട് ഇപ്പോഴെങ്കിലും ഇതു തിരിച്ചയച്ചു ന്നെ ഭേദപ്പെടുത്തുവാൻ അധികാരപ്പെട്ടവർ ഒരു ദയവു ചെയ്യണമെന്നാണ് എനിക്കു ഒന്നാമതായി അപേക്ഷിക്കുവാനുള്ളതു്. തല പ്പിള്ളിത്താലൂക്കിന്റെ വിസ്തീർണ്ണം 2 ന്നു ചതുരശ്ര മയിലാണ്. ഇതിനുള്ളിൽ ഫ്രൻന്നു ചതുരശ്ര മയിലിനു് ഒരു ചാഫീതം വരുകയാണെങ്കിൽ എത്ര ചന്ത വരും? 1100 ആണ് തൃശ്ശൂർ താലൂക്കിലുള്ളതു്. അങ്ങിനെ വരുമ്പോൾ ഫ്രൻന്നു ചതുരശ്ര മയിലിനു് ഒരു ചന്തവീതം നടത്തുകയാണെങ്കിൽ ജനങ്ങൾക്കനുഭവിക്കുന്ന സങ്കടങ്ങൾ അനിശ്ചിതങ്ങളാണെന്നു മനസ്സിലാകും. അതുകൊണ്ട് നാട്ടുകാരുടെ രക്ഷക്കുവേണ്ടി ഗവൺമെൻറു ഒരു നിയമം ഉണ്ടാക്കുകയാണെങ്കിൽ ഇങ്ങിനെയുള്ള സങ്കടങ്ങളൊന്നും അവർ അനുഭവിക്കുവാനിടവരുകയില്ലായിരുന്നു. ഇങ്ങിനെയുള്ള സംഗതികളെല്ലാം ഗവൺമെൻറു കരുണാപൂർവ്വം ആലോചിച്ചു് ജനങ്ങളുടെ ക്ഷേമത്തെ ഉദ്ദേശിച്ചു ഈ നിയമത്തിൽ ഒരു ഭേദഗതി വരുത്തുമെന്നാണ് എന്റെ വിശ്വാസം. വേല ചെയ്യുണ്ടാക്കുന്ന സാധനങ്ങൾ മാക്കറിൽ കൊണ്ടുപോയി വില്ക്കുന്നതിനു പര്യാപ്തമായ വിധത്തിൽ വേണ്ട നിർദ്ദേശങ്ങൾ ചെയ്യുതരുന്നതിനും തൃപ്തികരമായ വിധത്തിൽ ഈ നിയമം ക്ഷവിളംബമെന്യേ ഭേദഗതിവരുത്തി വളരെക്കാലമായി മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ജനങ്ങളുടെ കാര്യത്തിൽ ഒരു രക്ഷയുണ്ടാക്കി തരണമെന്നും അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ വളരെ ശക്തിയായി പിൻതാങ്ങുന്നു.

